**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4132 03.02.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

**പാരാ മെഡിക്കൽ കോഴ്സുകളും മാനദണ്ഡങ്ങളും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.കെ.ശശീന്ദ്രൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | പാരാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടു കൂടി സംസ്ഥാനത്ത് ഏതെല്ലാം സ്വകാര്യസ്ഥാപനങ്ങളിൽ എം.എൽ.റ്റി., ഡി.എം.എൽ.റ്റി., ബി.എസ്.സി. എം.എൽ.റ്റി എന്നീ പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നുണ്ട്; അംഗീകാരം ഇല്ലാതെ മേൽ സൂചിപ്പിച്ച പാരാ മെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ ഏതെല്ലാം; പട്ടിക ലഭ്യമാക്കുമോ; | (എ) | ഡി.എം.എൽ.റ്റി, ബി.എസ്.സി.എം.എൽ.റ്റി കോഴ്സുകളുടെ വിശദാംശം അനുബന്ധം-1 ൽ നൽകുന്നു. എം.എൽ.റ്റി കോഴ്സ് നിലവിൽ നടത്തപ്പെടുന്നില്ല. പാരാ മെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല. |
| (ബി) | പാരാ മെഡിക്കൽ കോഴ്സുകൾ നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ സംബന്ധിച്ച മാനദണ്ഡം അനുബന്ധം-2 ൽ നൽകുന്നു. |
| (സി) | പാരാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ/ ആശുപത്രികളിൽ പ്രസ്തുത കോഴ്സുകൾ പഠിച്ച് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയിട്ടുള്ള വിദ്യാർത്ഥികൾക്ക് പി.എസ്.സി. റിപ്പോർട്ട് ചെയ്യുന്ന തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പഠിച്ച് ന്യൂനതകൾ പരിഹരിച്ച് പാരാമെഡിക്കൽ വിദ്യാഭ്യാസത്തെക്കുറിച്ച് നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ; | (ഡി) & (ഇ) | ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് ഗവ.സെക്രട്ടറി ചെയർമാനും, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് ഗവ.അഡീഷണൽ സെക്രട്ടറി സെക്രട്ടറിയും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, തിരുവനന്തപുരത്തെ പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസിലെ കോഴ്സ് ഡയറക്ടർ എന്നിവർ അംഗങ്ങളായുമുള്ള കേരള പാരാമെഡിക്കൽ കൗൺസിൽ, കേരള ആരോഗ്യ സർവ്വകലാശാല, സർക്കാരിലെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് എന്നിവയാണ് സംസ്ഥാനത്ത് നിലവിൽ പാരാമെഡിക്കൽ കോഴ്സുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രവർത്തനാനുമതി നൽകുന്നത്. സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതും ബഹു.നിയമസഭയിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതുമായ കേരള പാരാമെഡിക്കൽ കൗൺസിൽ ബിൽ നിയമം ആകുന്നതോടെ അംഗീകാരമില്ലാതെ പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുവാനും ആവശ്യമെങ്കിൽ നിയമനടപടികൾ സ്വീകരിക്കുവാനും സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |
| (ഇ) | സംസ്ഥാന ഹെൽത്ത് അതോറിറ്റി(പാരാ മെഡിക്കൽ കൗൺസിൽ)യുടെ അംഗീകാരം ഇല്ലാതെ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ/ആശുപത്രികളെ നിയന്ത്രിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുമോ? | | |

സെക്ഷൻ ഓഫീസർ